# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3355 — 14-07-2015-ൽ മറുപടിക്ക്

## പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ ; | (എ) കേരളത്തിലെ യുവ-വിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങളെ യഥാർത്ഥ്യമാക്കുന്നതിനും അവർക്ക് സംരംഭകത്വത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിലേക്കുമായി യുവ സംരംഭക സംഗമം കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ചു. യുവ-വിദ്യാർത്ഥി സംരംഭകർക്ക് ഇൻകുബേഷൻ സൗകര്യം, മെന്ററിംഗ് / സാമ്പത്തിക സഹായം തുടങ്ങിയ അടിസ്ഥാന സഹായങ്ങൾ യുവ സംരംഭകർക്ക് എത്തിക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) അപേക്ഷകർക്ക് യഥാസമയം വായ്പ അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടിൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകാമോ ? | (ബി) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായ ഘട്ടത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ